# ആഗസ്റ്റ് 15 ശനി, 2009

ആഗസ്റ്റ് 15 ഏതൊരു ഭാരതീയന്റേയും അഭിമാനത്തിന്റെ ദിനമാണ്. നൂറ്റാണ്ടുകൾ നീണ്ടുനിന്ന വിദേശീയ അടിമത്തത്തിൽ നിന്ന് സ്വാതന്ത്ര്യത്തിന്റെ മനോഹരതീരത്തേയ്ക്ക് നാം കടന്നുവന്ന പുണ്യദിനം. വൈവിദ്ധ്യത്തിന്റെ കൂടാരമായിരുന്ന ഭാരതത്തിലെ 40 കോടി ജനങ്ങൾ സാഹോദര്യത്തിന്റെ സ്പന്ദനങ്ങൾക്ക് കാതോർത്ത് ഒരു ചരടിൽ കോർത്ത മുത്തുമണികളായിത്തീർന്ന നിമിഷം. ചോരയുടെ ഗന്ധവും വിയർപ്പിന്റെ നനവും സമന്വയിച്ചപ്പോൾ സൂര്യൻ അസ്തമിക്കാത്ത രാജ്യത്തിന് അടിയറവ് പറയേണ്ടി വന്നു. കൃശഗാത്രനായ നേതാവിന്റെ ആത്മീയശക്തി ജനകോടികളെ ചേർത്തുനിർത്തുന്നതിന് പര്യാപ്തമായിരുന്നു.

ഭാരതത്തിലെ ക്രൈസ്തവർക്ക് ആഗസ്റ്റ് 15 സ്വാതന്ത്ര്യദിനം മാത്രമല്ല, പരിശുദ്ധ അമ്മയുടെ സ്വർഗ്ഗാരോപണ സ്മരണകൂടിയാണ്. ക്രൈസ്തവനെ സംബന്ധിച്ചിടത്തോളം ആത്മീയസ്വാതന്ത്ര്യത്തിന്റെ ദിനം കൂടിയാണ്. ആഗസ്റ്റ് 15 ഒരു ക്രൈസ്തവ വിശ്വാസിയെ സംബന്ധിച്ച് രണ്ടു വിധത്തിലുള്ള സ്വാതന്ത്ര്യത്തിന്റെ ദിനമാണ്. ഒന്ന് ആത്മീയ സ്വാതന്ത്ര്യം മറ്റൊന്ന് ഭൗതികസ്വാതന്ത്ര്യം. ആത്മീയ സ്വാതന്ത്ര്യമുള്ള വ്യക്തികൾക്ക് മാത്രമേ ഭൗതികസ്വാതന്ത്ര്യം അനുഭവിക്കുവാൻ സാധിക്കുകയുള്ളു. ആത്മീയ സ്വാതന്ത്ര്യമെന്നാൽ സ്വന്തം സ്വത്വം തിരിച്ചറിഞ്ഞ് നേരാം വണ്ണം ജീവിതത്തെ ക്രമപ്പെടുത്തുകയെന്ന് അർത്ഥമാക്കാം. അഹന്ത, വിദ്വേഷം, കോപം, ദ്രവ്യാഗ്രഹം,അധികാരമോഹങ്ങൾ ഇവയെല്ലാം ആത്മീയസ്വാതന്ത്ര്യത്തിന്റെ വിലങ്ങുതടികളാണ്. സ്നേഹവും സാഹോദര്യവുമാണ് സ്വാതന്ത്ര്യത്തിന്റെ മുഖമുദ്ര.

ഓരോ മനുഷ്യനും തന്നെ എങ്ങനെ സ്നേഹിക്കുന്നുവോ അങ്ങനെ തന്നെ സഹജീവികളേയും സ്നേഹിക്കണം, ഇതാണ് ക്രിസ്തീയ സ്നേഹം. പകയും വിദ്വേഷവുമില്ലാത്ത വ്യക്തികൾക്ക് മാത്രമേ മറ്റുള്ളവരെ നിസ്വാർത്ഥമായി സ്നേഹിക്കുവാൻ കഴിയൂ. പരി. അമ്മയുടെ ജീവിതം തെളിയിക്കുന്നത് ഈ മഹത്തായ സംഭവമാണ്. എല്ലാ ദു:ഖ ദുരിതങ്ങളിലും സ്നേഹിക്കാനും സേവിക്കാനും പരിശുദ്ധ അമ്മ നമ്മെ ഉദ്ബോധിപ്പിക്കുന്നു. ഭാരതത്തിന്റെ രാഷ്ട്രപിതാവും സ്വാതന്ത്ര്യസമരത്തിന്റെ മുന്നണിപ്പോരാളിയുമായ മഹാത്മാഗാന്ധിയുടെ ജീവിതം ആത്മീയസ്വാതന്ത്ര്യമുള്ള ജീവിതത്തിന് ഉദാത്തമാതൃകയാണ്. ഗാന്ധിജി സ്വാതന്ത്ര്യത്തെ വിവക്ഷിക്കുന്നത് എല്ലാവിധത്തിലുമുള്ള നിയന്ത്രണങ്ങളിൽ നിന്നും ഒഴിവാകുന്ന അവസ്ഥയെയാണ്.

സ്വാമിവിവേകാനന്ദന്റെ ദർശനത്തിൽ സർവ്വജീവജാലങ്ങളെയും,സമഭാവനയോടെ വീക്ഷിക്കാൻ മനുഷ്യനെ പ്രാപ്തനാക്കുന്ന സ്ഥിതിവിശേഷമാണ് സ്വാതന്ത്ര്യം. ഇതിന്റെയർത്ഥം യാതൊരു നിയന്ത്രണവുമില്ലാതെ പ്രവർത്തിക്കാനുള്ള സമ്മതമെന്നല്ല. മറിച്ച് പൊതുഗണത്തെലാക്കാക്കി വ്യക്തി ജീവിതത്തെ ക്രമപ്പെടുത്തണമെന്നാണ്. ഒരു വ്യക്തിയുടെ സ്വാതന്ത്ര്യം മറ്റു വ്യക്തികളുടെ ജീവിതത്തെ ഒരിക്കലും ദോഷകരമായി ബാധിക്കാൻ പാടില്ലായെന്നതാണ്.ആത്മീയസ്വാതന്ത്ര്യമുള്ളവ്യക്തികൾക്ക് മാത്രമേ ഭൗതികസ്വാതന്ത്ര്യത്തെ വളർത്തുന്നതിനും പങ്കുവയ്ക്കുന്നതിനും സാധിക്കുകയുള്ളു.

ഭാരതസ്വാതന്ത്ര്യത്തിന്റെ 63-ാം പിറന്നാൾ ആഘോഷിക്കുമ്പോൾ നാം വിചിന്തന വിഷയമാക്കേണ്ടത് ആത്മീയവും ഭൗതികവുമായ സ്വാതന്ത്ര്യത്തെയാണ്. ജനാധിപത്യത്തിന്റെ അടിസ്ഥാന ശിലകളായ സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം എന്നിവ നമ്മുടെ ജനാധിപത്യത്തിൽ എത്രമാത്രം വളർന്നുവെന്നതാണ് ആദ്യചിന്താവിഷയം. സ്വാതന്ത്ര്യത്തിന്റെ പൂർത്തീകരണം കരഗതമാകുന്നത് സമത്വവും സാഹോദര്യവും പുലരുന്ന സമൂഹസൃഷ്ടി യാഥാർത്ഥ്യമാകുമ്പോഴാണ്. ലോകത്തിലെ ഏറ്റവും അധികം ജനങ്ങളെ ഉൾക്കൊള്ളുന്ന രാജ്യത്തിന്റെ കാതലായ പ്രശ്നങ്ങൾ വികസനവും വിതരണവുമാണ്. വികസനത്തിന്റെ പ്രവർത്തനങ്ങൾ അനുസ്യൂതം നടക്കുമ്പോൾ തകരാറിലാകുന്നത് വിതരണമാണ്. ദേശീയവരുമാനവും സാമ്പത്തിക വളർച്ചാനിരക്കും ഉത്തരോത്തരം പുരോഗമിക്കുമ്പോൾ പാർശ്വവത്കരിക്കപ്പെടുന്ന ജനസമൂഹത്തിന്റെ രോദനങ്ങൾ നമ്മെ അലോസരപ്പെടുത്തുന്നു. ദരിദ്രനാരായണന്മാരും നിരക്ഷരകക്ഷികളും ഭാരതത്തിന്റെ ഗ്രാമങ്ങളിലും തെരുവീഥികളിലും ജീവിതത്തിന്റെ രണ്ടറ്റവും കൂട്ടിമുട്ടിക്കുന്നതിന് നിരന്തരം പരിശ്രമിക്കുകയാണ്. ഈ ജനാധിപത്യത്തിൽ സമത്വമുണ്ടാകുമെന്ന് നമുക്ക് പ്രതീക്ഷിക്കാനാവുമോ? സമ്പത്തും അധികാരവും സ്വന്തമാക്കാൻ പരിശ്രമിക്കുന്ന ഒരു ചെറിയവിഭാഗം, വലിയവിഭാഗത്തിന്റെ തേങ്ങലുകളെ തൃണവത്ഗണിക്കുന്നു.

സാഹോദര്യത്തിന്റെ ഈറ്റില്ലമാണ് ഭാരതം. ജാതിമതങ്ങൾക്കതീതമായി ആരേയും സ്വീകരിക്കുന്ന സാഹോദര്യഭാവം. സ്നേഹത്തിന്റെ ധാരാളിയായ ആതിഥേയന്റെ ഭാവമാണിവിടെ ദർശിക്കുന്നത്. പക്ഷേ കഴിഞ്ഞകാല അനുഭവങ്ങൾ ഭാരത സാഹോദര്യ ദർശനത്തിൽ കരിനിഴൽ വീഴിക്കുന്നു. ബ്രിട്ടീഷ് ഭരണത്തിൽ ഭാരതത്തിൽ വിതച്ച വർഗ്ഗീയ വിഷവിത്തുകൾ ഇന്നും മുളച്ചുപൊങ്ങുന്നത് ദു:ഖകരമായ കാഴ്ചയാണ്. ഗുജറാത്തും ഒറീസ്സയും കർണ്ണാടകയുമെല്ലാം ഈ ദർശനത്തിൽ വിള്ളൽ വീഴിച്ചിരിക്കുന്നു. സാഹോദര്യത്തിന്റെ സന്ദേശങ്ങൾ പ്രഘോഷിക്കുന്ന ഭഗവത്ഗീതയും, ഉപനിഷത്തുകളും, മഹത്വചനങ്ങളും, ചില സാഹചര്യത്തിലെങ്കിലും അവഗണിക്കപ്പെടുന്നതിൽ നാം ദു:ഖിക്കേണ്ടിയിരിക്കുന്നു.

സ്വതന്ത്രമായി ചിന്തിക്കുന്നതും ആശയരൂപീകരണം നടത്തുന്നതും സ്വതന്ത്ര്യത്തിന്റെ ബഹിർസ്ഫുരണങ്ങളാണ്; തത്വശാസ്ത്രപരമായി ചിന്തിക്കാൻ നിർബന്ധിക്കുന്നതും, ആശയങ്ങളും സിദ്ധാന്തങ്ങളും അടിച്ചേൽപ്പിക്കാൻ ശമിക്കുന്നതും വ്യക്തിസ്വാതന്ത്ര്യത്തിന്മേലുള്ള കടന്നുകയറ്റവും. തന്മൂലം വികസനത്തെ മാത്രമല്ല വ്യക്തി ജീവിതത്തേയും തടസ്സപ്പെടുത്തുന്നു. മനസ്സ് നിർഭയമായി ചിന്തിക്കുകയും ശിരസ്സ് അഭിമാനപൂർവ്വം ഉയർന്ന് നിൽക്കുമ്പോഴുമേ യഥാർത്ഥ സ്വാതന്ത്ര്യം അനുഭവവേദ്യമാവുകയുള്ളു.

നമ്മുടെ സ്വാതന്ത്ര്യം മഹത്തരമാണ്. ജനകോടികളുടെ ചുടു ചോരയാൽ വീരചരിത്രമെഴുതി നേടിയതാണിത്. നൂറ്റാണ്ടുകൾ നീണ്ടുനിന്ന പോരാട്ടത്തിൽ സർവസ്വവും മാതൃരാജ്യത്തിനായി സമ്മാനിച്ചു കടന്നുപോയ പിതാക്കന്മാരുടെ ത്യാഗത്തിന്റെ ഫലമാണ് നാം ആസ്വദിക്കുന്ന സ്വാതന്ത്ര്യം. കാലം എത്ര കഴിഞ്ഞാലും നാമത് കാത്തുസൂക്ഷിക്കണം. ഇന്ത്യയിലെ 100 കോടിയിലധികം വരുന്ന ജനവിഭാഗത്തിന് ഉണ്ണുവാനും ഉടുക്കുവാനും കഴിയുന്ന നവഭാരതത്തെ നാം സ്വപ്നം കാണണം. ഉച്ചനീചത്വങ്ങൾക്കെതിരായി പടപൊരുതിയാൽ മാത്രമേ നമ്മുടെ സ്വാതന്ത്ര്യം യാഥാർത്ഥ്യമാകൂ. കാലികമായ പുരോഗതിയെ മാത്രം ലക്ഷ്യംവയ്ക്കാതെ ദീർഘവീക്ഷണത്തോടെ പദ്ധതികൾ വിഭാവനം ചെയ്യണം.അഴിമതിരഹിതവും നിസ്വാർത്ഥവുമായ പൊതുപ്രവർത്തനവും, ഭരണവും ജനത്തിന്റെ അവകാശമാണ്.

ഇന്ത്യയുടെ ഏറ്റവും വലിയ സമ്പത്ത് കർമ്മോത്സുകരായ യുവജനങ്ങളാണ്. സാമൂഹിക രംഗങ്ങളിൽ മാത്രമല്ല സാമ്പത്തിക, ബൗദ്ധികരംഗങ്ങളിൽക്കൂടി യുവജനങ്ങൾ ശ്രദ്ധവയ്ക്കണം. തൊഴിലും സമ്പാദ്യവും മാത്രം ലക്ഷ്യം വയ്ക്കുന്നവരായി യുവജനങ്ങൾ മാറാനനുവദിക്കരുത്. നിസ്വാർത്ഥമായി പ്രവർത്തിക്കാൻ യുവജനതയ്ക്ക് കഴിയണം. ഭാവി ഭാരതത്തിന്റെ സ്വപ്നങ്ങൾ യാഥാർത്ഥ്യമാക്കാൻ പ്രതിബദ്ധമായ ഒരു ജനത ഉണർന്നെഴു ന്നേൽക്കണം. പുതിയ ഇന്ത്യയെ സ്വപ്നം കാണാം. വർഗ്ഗീയതയ്ക്കും രാഷ്ട്രീയ അതിപ്ര സരത്തിനും കൂട്ടുനിൽക്കാതെ പുതിയഭാരതത്തെ പടുത്തുയർത്തുവാൻ കഴിയട്ടെ എന്നാ ശംസിക്കുന്നു.

**ശ്രീ. ബിനോയ് മഠത്തിൽ**